"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - അക്കാദമികം - സ്വകാര്യ സ്വാശ്രയ നേഴ്സിംഗ് കോളേജുകളിലെ 2024-25 അധ്യയന വർഷ ബി.എസ്.സി നേഴ്സിംഗ് പ്രവേശനം - കൊട്ടാരക്കര വിജയ നേഴ്സിംഗ് കോളേജ്, ചേർത്തല കെ.വി.എം നേഴ്സിംഗ് കോളേജ് എന്നിവയുടെ പുതുക്കിയ സീറ്റ് മാട്രിക്സ് പട്ടിക അംഗീകരിച്ചും അലോട്ട്മെന്റ് നടത്തുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.366/2024/H&FWD തീയതി,തിരുവനന്തപുരം, 27-11-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം.90/2024/ആ.കു.വ തീയതി 14.05.2024.
2. സ.ഉ.(കൈ) നം.192/2024/ആ.കു.വ തീയതി 09.08.2024.
3. സ.ഉ.(കൈ) നം.207/2024/ആ.കു.വ തീയതി 23.08.2024.
4. സ.ഉ.(കൈ) നം.221/2024/ആ.കു.വ തീയതി 09.09.2024.
5. സ.ഉ (സാധാ) നം. 2608/2024/ആ.കു.വ തീയതി 01.11.2024
6. 22.11.2024 തീയതിയിലെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ബി6/1731/2024/മെ.വി.വ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2024-25 അധ്യയന വർഷ ബി.എസ്.സി നഴ്സിംഗ് പ്രവേശനവുമായി ബന്ധപ്പെട്ട പ്രോസ്പെക്ടസ്, സീറ്റ് മാട്രിക്സ് പട്ടിക എന്നിവ പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം സർക്കാർ അംഗീകരിച്ചിരുന്നു.

**2.** ടി സീറ്റ് മാട്രിക്സിൽ ഉൾപ്പെട്ടിരുന്ന കൊട്ടാരക്കര വിജയ നഴ്സിംഗ് കോളേജിന് സ.ഉ.(കൈ) നം.295/2023/ആ.കു.വ തീയതി 25-10-2023 പ്രകാരം സീറ്റുകളുടെ എണ്ണം 70-ൽ നിന്നും 85 ആയി വർദ്ധിപ്പിച്ച സർക്കാർ നിരാക്ഷേപ പത്രം നൽകി. 85 സീറ്റുകൾക്ക് ആരോഗ്യ സർവ്വകലാശാല പ്രൊവിഷണൽ അഫിലിയേഷൻ നൽകിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം KUHS അംഗീകരിച്ച എണ്ണം സീറ്റുകളിലേക്ക് സർക്കാർ പ്രവേശനാനുമതി നൽകി. 2023- ൽ വർദ്ധിപ്പിച്ച് നൽകിയ സീറ്റുകളിലേക്ക് ഐ.എൻ.സി അംഗീകാരം ലഭിച്ചിരുന്നില്ലായെന്ന വസ്തുതയുടെ വെളിച്ചത്തിൽ പരാമർശം (4) പ്രകാരം വിജയ നേഴ്സിംഗ് കോളേജിന്റെ സീറ്റ് 70 ആയി കുറച്ചിരുന്നു. 28.10.2024 തീയതിയിൽ ടി കോളേജിന് 85 സീറ്റുകൾക്ക് ഐ.എൻ.സി അംഗീകാരം ലഭിച്ചിട്ടുണ്ട്. അപ്രകാരം പുതുക്കിയ സീറ്റ് മാട്രിക്സ് അംഗീകാരത്തിനും അലോട്ട്മെന്റ് നടപടികൾക്കുമായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു.

**3.** ചേർത്തല കെ.വി.എം നേഴ്സിംഗ് കോളേജിന് 60 സീറ്റുകൾക്ക് സർക്കാർ നിരാക്ഷേപ പത്രം നൽകിയിരുന്നു. ടി കോളേജിന് ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ, കേരള നേഴ്സസ് &

മിഡ്‌വൈവ്‌സ് കൗൺസിൽ എന്നിവ 60 സീറ്റുകൾക്കും അംഗീകാരം നൽകിയിരുന്നു. എന്നാൽ കേരള ആരോഗ്യ സർവ്വകലാശാല 55 സീറ്റുകൾക്കാണ് അഫിലിയേഷൻ നൽകിയിരുന്നത്. 31.08.2024 ലെ U.O. No.938/2024/academic/KUHS പ്രകാരം 60 സീറ്റുകൾക്ക് കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല അഫിലിയേഷൻ നൽകിയിട്ടുണ്ട്. അപ്രകാരം പുതുക്കിയ സീറ്റ് മാട്രിക്സ് പട്ടിക അംഗീകരിക്കുന്നതിനും അലോട്ട്മെന്റ് നടപടികൾക്കുമായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം (6) പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

**4.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ശിപാർശയിലെ വസ്തുതകളുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിൽ പ്രവർത്തിക്കുന്ന വിജയ നേഴ്സിംഗ് കോളേജിന്റെ ബി.എസ്.സി നേഴ്സിംഗ് സീറ്റുകളുടെ എണ്ണം 85 ആയും ചേർത്തല കെ.വി.എം നേഴ്സിംഗ് കോളേജിലെ ബി.എസ്.സി നേഴ്സിംഗ് സീറ്റുകളുടെ എണ്ണം 60 ആയും നിജപ്പെടുത്തി ഉത്തരവാകുന്നു.

**5.** പുതുക്കിയ സീറ്റ് മാട്രിക്സിൽ ചുവടെ പട്ടിക പ്രകാരം സർക്കാർ മെറിറ്റ് സീറ്റുകളിലെ അലോട്ട്മെന്റ് നടപടി പരാമർശം (5) ലെ വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതിന് എൽ.ബി.എസ് ഡയറക്ടർക്ക് അനുമതി നൽകുന്നു.

| Sl. No. | Name of Institution | Merit seats | Management seats |
|---|---|---|---|
| 1. | KVM College of Nursing, Cherthala, Alappuzha | 30 | 30 |
| 2. | Vijaya College of Nursing, Kollam, Kottarakkara | 43 | 42 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
ഡയറക്ടർ, എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല, തൃശ്ശൂർ.
രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്‌വൈവ്‌സ് കൗൺസിൽ, തിരുവനന്തപുരം.
എസ്.സി/എസ്.ടി വകുപ്പ്.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
സെക്ഷൻ ഓഫീസർ
Date: 27-11-2024 14:34:17

പകർപ്പ് - ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.